പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 608 28-10 -2011 - ൽ മറുപടിക്ക്

## കോടതിവിധികൾക്കെതിരെ റിവ്യൂ / അപ്പീൽ പെറ്റീഷനുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. സാജു പോൾ | ബഹു: ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | കോടതികളിൽ നിന്ന് സംസ്ഥാനത്തിനെതിരെ ഉണ്ടാകുന്ന വിധികളിൽ സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കാൻ സ്വീകരിക്കുന്ന നിലപാട് എന്താണ്: വിശദമാക്കുമോ; | വിവിധ കോടതികളിൽ സർക്കാർ വ്യവഹാരം കാര്യക്ഷമമായി നടത്തുന്നതിന് അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിനെതിരെ യുണ്ടാവുന്ന വിവിധ കോടതി വിധികൾക്കെതിരെ ബന്ധപ്പെട്ട മേൽകോടതികളിൽ യഥാസമയം അപ്പീൽ നൽകുക, റിവ്യൂഹർജികൾ നൽകുക എന്നീ നടപടികളാണ് സ്വീകരിക്കുന്നത്. സംസ്ഥാന സർക്കാരിനെതിരെയുള്ള വിധികളിൻമേൽ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് വിവിധ ഭരണ വകുപ്പുകൾ നിയമ വകുപ്പിനോട് ആവശ്യമായ നിയമോപദേശം നേടുകയും ഉപരി കോടതികളിൽ അപ്പീൽ നൽകുകയോ, അതേ കോടതിയിൽ തന്നെ റിവ്യൂ ഹർജി നൽകുകയോ ചെയ്യുകയാണ് പതിവ്. മുൻസിഫ് കോടതികൾ, മജിസ്ട്രേറ്റ് കോടതികൾ, സബ് കോടതികൾ, എം. എ. സി. റ്റി. കോടതികൾ, ഫാസ്റ്റ് ട്രാക്ക് കോടതികൾ, വിജിലൻസ് കോടതികൾ, ജില്ലാ കോടതികൾ എന്നീ കോടതി കളിലെല്ലാം തന്നെ സർക്കാർ അഭിഭാഷകരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡർമാരെയും സീനിയർ ഗവൺമെന്റ് പ്ലീഡർമാരെയും സർക്കാർ കേസുകൾ നടത്തുവാനായി നിയമിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട കേസുകളിൽ സർക്കാരിനുവേണ്ടി അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ എന്നിവർ ഹാജരാവുന്നു. കൂടാതെ വിവിധ വകുപ്പുകൾക്കായി സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരെയും ഹൈക്കോടതിയിൽ നിയമിച്ചിട്ടുണ്ട്. സുപ്രീംകോടതിയിൽ സ്റ്റാന്റിംഗ് കൗൺസൽമാർ സംസ്ഥാന സർക്കാരിന്റെ കേസുകൾക്ക് ഹാജരാകുന്നു. കൂടാതെ സീനിയർ അഭിഭാഷകരുടെ ഒരു പാനൽ തയ്യാറാക്കി അതിൽ നിന്നും അഭിഭാഷകരെ പ്രധാന കേസുകൾക്ക് നിയോഗിക്കാറുണ്ട്. |
| (ബി) | സംസ്ഥാന ഗവൺമെന്റിന്റെ റിവ്യൂ/അപ്പീൽ പെറ്റീഷനുകൾ ഏതെങ്കിലും സുപ്രീം കോടതി യുടെയും ഹൈക്കോടതി യുടെയും പരിഗണനയിൽ നില നിൽക്കുന്നുണ്ടോ; എങ്കിൽ എത്ര; | സംസ്ഥാനസർക്കാരിന്റെ റിവ്യൂ / അപ്പീൽ പെറ്റീഷനുകളിൽ 1646 എണ്ണം ബഹു: കേരള ഹൈക്കോടതിയുടെയും 1315 എണ്ണം ബഹു: സുപ്രീം കോടതിയുടെയും 27 എണ്ണം ബഹു: ഡൽഹി ഹൈക്കോടതിയുടെയും പരിഗണനയിൽ ഉണ്ട്. |

| | | |
|---|---|---|
| (സി) | ഈ സർക്കാർ ഏതെല്ലാം കേസുകളിൽ ഏതെല്ലാം കോടതി വിധികൾ ക്കെതിരെ റിവ്യൂ/അപ്പീൽ പെറ്റീഷനുകൾ സമർപ്പി ച്ചിട്ടുണ്ട്? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോടതിവിധികൾക്കെതിരെ 221 റിവ്യൂ / അപ്പീൽ പെറ്റീഷനുകൾ ബഹു: കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 46 കേസുകൾ അപ്പീൽ ഫയൽ ചെയ്യുന്നതിനായി ബഹു: സുപ്രീം കോടതിയുടെ സ്റ്റാന്റിംഗ് കൗസൽമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.